⇨ ഗാഡ്ഗിൽ റിപ്പോർട്ടിനെ അവസരോചിതമായി വെട്ടിനിരത്തുകയായിരുന്നു സർക്കാർ ⇨

# 'ഇടയലേഖനം എങ്ങിനെയെഴുതണം ഇടതുമുന്നണിയല്ലേ....'

പശ്ചിമഘട്ട 'സംരക്ഷണ' ത്തിന് വേണ്ടി കത്തോലിക്കസഭയും കമ്മ്യൂണിസ്റ്റ്സഭയും കൈകോർത്ത് നടത്തിയ ഹർത്താലിന്റെ പശ്ചാത്തലത്തിൽ ചങ്ങമ്പുഴയുടെ 'രമണൻ' വീണ്ടും മനസ്സിലുണരുമ്പോൾ...

**എസ്. നാരായണൻ**

വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുക താൻ വരം!
*(ഇടശ്ശേരി, 'പൊട്ടി പുറത്ത്, ശിവോതി അകത്ത്')*

അതാ, അങ്ങോട്ടുനോക്കൂ, സ്വച്ഛന്ദസുന്ദരമായ ആകാശത്തിനുകീഴെ, കാനനമദ്ധ്യത്തിൽ ഒരു പർണ്ണശാല കാണുന്നില്ലേ? നമ്മുടെ നായികയുടെ വാസസ്ഥലമാണത്. മഹാതപസ്വിയായ കണ്വമുനിയുടെ ആശ്രമം. ദേവസുന്ദരിയായ മേനക, അവിഹിതഗർഭത്തിലുണ്ടായ പിഞ്ചോമനയെ കാനനത്തിലുപേക്ഷിച്ച് കടന്നുകളഞ്ഞപ്പോൾ, കനിവുതോന്നി, കാരുണ്യവാനായ കണ്വമുനി ആ കുട്ടിയെ എടുത്തുവളർത്തി. വളർത്തി വലുതാക്കി. ഇന്നവൾ പതിനേഴിന്റെ പടിവാതിൽക്കൽ പാവാടയുടുത്തു നിൽക്കുന്ന പച്ചപ്പരിഷ്... ഛെ... പരമസാധുവായ യുവകന്യകയാണ്. അവളാണ് നമ്മുടെ കഥയിലെ നായിക. അവളുടെ പേരാണ് ശകുന്തള (സിംബൽ).

സൂക്ഷിച്ചുനോക്കൂ... അവളുടെ മുഖത്ത് എന്തോ പാരവശ്യം കാണുന്നില്ലേ? അതെ, അവളാകെ ചകിതയാണ്. അവൾ ഒരു പുരുഷനുമായി അഗാധപ്രണയത്തിലാണ് (സിംബൽ).

താതകണ്വൻ അതറിഞ്ഞിട്ടില്ല. അദ്ദേഹം അറിഞ്ഞാൽ എന്താണ് സംഭവിക്കുക. അവൾക്ക് ഒരു എത്തുംപിടിയും കിട്ടുന്നില്ല. തന്റെ പ്രിയപ്പെട്ടവനെപ്പറ്റി ഒരു വിവരവുമില്ല. മാത്രവുമല്ല, അയാളുടെ സന്തതി അവളുടെ ഉദരത്തിൽ ഉരുവപ്പെട്ടുവരികയാണ്. അവൾ ഒരാശ്രമകന്യകയാണ്. ഹൃദയം പ്രേമസുരഭിലവും പ്രായം യൗവനതീഷ്ണവുമാണെങ്കിലും അവൾക്ക് പ്രേമസല്ലാപങ്ങളോ, ശൃംഗാരചേഷ്ടകളോ അറിഞ്ഞുകൂടാ. അതുകൊണ്ട് അവൾ ഹൃദയം നൊന്തുപാടി....

പ്രണയലേഖനം
എങ്ങനെയെഴുതണം
മുനികുമാരികയല്ലേ,
ഞാനൊരു മുനികുമാരികയല്ലേ....

ഇതാ, ഇനി കുറച്ചുനേരം ഇങ്ങോട്ടു നോക്കൂ.. ഇതാണ് പശ്ചിമഘട്ടം (സിംബൽ).

എങ്ങും പൂത്തുലഞ്ഞു നിൽക്കുന്ന പശ്ചിമഘട്ട മലനിരകൾ. കളകളാരവം പൊഴിച്ചുകൊണ്ട് മലനിരകളി

ലൂടെ ഒഴുകുന്ന ചെറുതും വലുതുമായ നദികൾ. പൂക്കളുടെ സുഗന്ധവും പേറി ചുറ്റിനടക്കുന്ന പൂങ്കാറ്റ്. കുന്നുകളും കാടുകളും പൂഞ്ചോലകളും നിറഞ്ഞ മനോഹരമായ ഒരു ഗ്രാമപ്രദേശം.

മലരണിക്കാടുകൾ തിങ്ങിവിങ്ങി,
മരതകകാന്തിയിൽ മുങ്ങി മുങ്ങി,
കരളും മിഴിയും കവർന്നുമിന്നി
കറയറ്റൊരാലസൽ ഗ്രാമഭംഗി

ആ മലഞ്ചെരുവുകളിൽ ആയിരക്കണക്കിന് ആടുകൾ മേഞ്ഞുനടക്കുന്നു. കൂടുതലും കുഞ്ഞാടുകൾ. ആടുകളെ നോക്കാൻ നിയുക്തനായ ഇടയൻ നീണ്ട ളോഹയുമണിഞ്ഞ് ഒരു മരച്ചുവട്ടിൽ കിടക്കുന്നു. ഇടയനെത്തേടി വന്നിരിക്കുന്ന കൊടിയൻ തൊട്ടരികിൽ കൊടുംകൈയും കുത്തിയിരിക്കുന്നു. കൊടിയൻ വന്നിരിക്കുന്ന കൊടിവച്ച കാറ് കുന്നിന്റെ താഴ്‌വരയിൽ പാർക്കുചെയ്തിരിക്കുന്നു. അവർ രണ്ടുപേരും ആ പ്രകൃതിഭംഗിയിൽ അലിഞ്ഞുചേർന്നു.

പരിമൃദുകല്ലോലവീണമീട്ടി-
പ്പതറിപ്പതഞ്ഞുപോം ചോലകളും
ഒരുനല്ല ചിത്രം വരച്ചപോലെ
വരി വരി നിൽക്കുന്ന കുന്നുകളും

ആ കുന്നിൻ ചെരിവിലെ കരിങ്കൽ ക്വാറികളിൽ ഗ്രനേഡ് വച്ച് കല്ലുപൊട്ടിക്കുന്നതിന്റെ ശബ്ദം താഴ്‌വരയിലാകെ പ്രതിധ്വനിച്ചു. കർണ്ണാനന്ദകരമായ ശബ്ദത്തോടെ ടിപ്പർ ലോറികൾ തലങ്ങും വിലങ്ങും പൊടിപറത്തിയോടുന്നു. പ്രകൃതി രമണീയമായ ഈ അന്തരീക്ഷത്തിലും ആ ഇടയന്റെ മുഖം മ്ലാനമാണ്. അതറിയാനാണ് കൊടിയൻ കൊടിവച്ച കാറിൽ പറന്നുവന്നിരിക്കുന്നത്.

ഇടയന്റെ ചകിതമായ മുഖം പിടിച്ചുയർത്തിക്കൊണ്ട് കൊടിയൻ പാടി.

ഇരുമെയ്യാണെങ്കിലും നമ്മളൊറ്റ-
ക്കരളല്ലേ, നീയെന്റെ ജീവനല്ലേ?
ഒരു തുള്ളി രക്തത്തിൻരേഖപോലും
കുറേനാളായ് നിൻ മുഖത്തില്ലയല്ലോ!
കരളുന്നതുണ്ടൊരു ചിന്തനിന്റെ
കരളിനെ നിത്യ,മെനിക്കറിയാം
പറയൂ, തുറന്ന,തിനുവേണ്ടി-
പ്പണയപ്പെടുത്താമെൻ ജീവനും ഞാൻ !

ഇടയൻ കൊടിയനെ സാകൂതം നോക്കി. ഇടയൻ പറഞ്ഞു. ''നമ്മളിവിടെ ഒരുമെയ്യായി എത്ര സുന്ദരമായി ജീവിക്കുന്നു. അതിനിടയിലേക്ക് രക്ഷകനാണ് എന്നും പറഞ്ഞ് ഒരുവൻ വന്നിരിക്കുന്നു. 'അവനെ പേടിച്ചാരും നേർവഴി നടപ്പീല' എന്ന സ്ഥിതിയാണ്. അവൻ ആടുകളെ അവന്റെ വഴിയിലേക്ക് നയിക്കാൻ നോക്കുന്നു. ഇനി മേലിൽ മല തുരക്കാൻ സമ്മതിക്കില്ല പോലും. കുന്നിടിക്കാനോ മരം മുറിക്കാനോ പാടില്ലത്രേ. ഉരുൾപൊട്ടൽ വന്ന് നൂറുകണക്കിന് കുഞ്ഞാടുകൾക്ക് ജീവഹാനി സംഭവിക്കുന്നതിനും അവർക്ക് കുടിവെള്ളം ലഭിക്കാത്തതിനും കാരണം മല തുരക്കുന്നതുകൊണ്ടാണെന്നാണ് പ്രചരണം.''

''ഈ പമ്പരവിഡ്ഢിത്തം പുലമ്പുന്നവനെയാണോ അങ്ങ് രക്ഷകനെന്നു പറയുന്നത്.?'' കൊടിയൻ ചോദിച്ചു.

ഇടയൻ പറഞ്ഞു. ''ഞാൻ പറയുന്നതല്ല, നാട്ടുകാർ പറയുന്നതാണ്. നമ്മുടെ ചില കുഞ്ഞാടുകളും അത് വിശ്വസിക്കുന്നുണ്ട്. അത്ര ആധികാരികമായാണ് അവനത് അവതരിപ്പിക്കുന്നത്.!''

''ഇടയനും ഞാനും ഇവിടെയുള്ളപ്പോൾ വേറൊരു രക്ഷകനോ? എന്താണതിന്റെ ആവശ്യം?''

ഇടയൻ പറഞ്ഞു. ''അവന്റെ പേര് ഇടയനെന്നല്ല, കൊടിയനെന്നുമല്ല. വല്ലാത്തൊരു പേരാണ്. കിടുകിടെ വിറവരുന്നു അയാളുടെ റിപ്പോർട്ട് ഓർക്കുമ്പോൾ....'' (സിംബൽ).

ഇടയന്റെ സംസാരം കേട്ട് കൊടിയൻ പൊട്ടിച്ചിരിച്ചു. ''ഹ... ഹ... ഹ... ഇതാണോ ഇത്രവലിയ കാര്യം. ഇവനെയാണോ രക്ഷകനെന്നു പറയുന്നത്. ഇതിലും വലിയ രക്ഷകനെ നമ്മൾ ചാട്ടവാറിനടിച്ച് കുരിശിൽ തറച്ചത് മറന്നിട്ടാണോ ഇത്തരത്തിൽ പുലമ്പുന്നത്. ? ഇക്കാര്യത്തിൽ ഒരു ഭയത്തിന്റെ കാര്യമില്ല. ഇതിനു കുരിശുപോലും വേണ്ട. ഒരു കീടത്തെ ഒതുക്കാൻ പ്രതികീടത്തെ ഇറക്കുന്ന നമ്മുടെ കാർഷികജ്ഞാനം മതി. മണ്ണുനോക്കി മാധവൻ വന്നാൽ നമ്മൾ മാനം നോക്കിയെ ഇറക്കും. ബഹിരാകാശത്തേക്കു മാത്രം കണ്ണുപോകുന്ന ഒരാളുണ്ട്. നമുക്കയാളെ കൊണ്ടുവരാം. എല്ലാ പ്രശ്നങ്ങളും അതോടെ സോൾവ് ആകും.''

''ആരാണത്?'' ഇടയൻ ചോദിച്ചു. കൊടിയൻ പറഞ്ഞു. ''കഥ കഥ കസ്തൂരിരംഗൻ. സാക്ഷാൽ പവനായിയുടെ അമ്മാവൻ.'' (സിംബൽ).

ഈ സിംബലുകളുടെ ശബ്ദംകേട്ട് അങ്ങകലെ പാറപ്പുറത്ത് ഒരാൾ നിൽപ്പുണ്ട്. അദ്ദേഹമാണ് ഇടതൻ. കൊടിയൻ പോകാൻ വേണ്ടി കാത്തുനിൽക്കുകയാണദ്ദേഹം. കൊടിയൻ കാറിൽ കയറിപ്പോയെന്നുറപ്പാക്കി അദ്ദേഹം ഇടയനരികിലേക്ക് വന്നു. ഇടതനെപ്പറ്റി പറയുകയാണെങ്കിൽ.....

കണ്ടിട്ടില്ല ഞാനീവിധം മലർ-
ച്ചെണ്ടുപോലൊരു മാനസം

എന്തൊരത്ഭുതപ്രേമസൗഭഗം !
എന്തൊരാദർശസൗരഭം !
സിദ്ധിയാണവൻ ശുദ്ധിയാണവൻ
സത്യസന്ധതയാണവൻ!
വിത്തമെന്തിനു, വിദ്യയെന്തിനാ
വിദ്യുതാംഗനു വേറിനി?

അതെ, ആ വിദ്യുതാംഗന് ചില സ്വപ്നങ്ങളുണ്ട്. കൊടിവച്ച കാറിൽ സഞ്ചരിക്കാനും, കുഞ്ഞാടുകളെ വിരുന്നുമേശകളിലെ വിഭവങ്ങളാക്കാനും കൊടിയനു മാത്രമല്ലല്ലോ അവകാശം. അജമാംസരസായനം അജപാലകനും കൊടിയനും ചേർന്ന് നുണയുകയാണ്. അടുത്ത അഞ്ച് കൊല്ലത്തേക്കെങ്കിലും ആ പാത്രത്തിൽ വിരലിട്ട് കുറേ തോണ്ടിയെടുക്കാൻ കഴിഞ്ഞെങ്കിൽ! അതിനുവേണ്ടി എന്തു വിട്ടുവീഴ്ചയ്ക്കും അദ്ദേഹം ഒരുക്കമാണ്. ഇടയൻ കുഞ്ഞാടുകളെ അണിനിരത്തി ജാലിയൻവാലാബാഗ് ഒരുക്കുമ്പോൾ മലമ്പാതകളിൽ ഉപരോധം ഏർപ്പെടുത്തി അവറ്റകൾ ചാടിപ്പോകാതെ നോക്കാൻ ഇടതൻ റെഡി. 'പള്ളിയെ തള്ളിയാൽ കൊള്ളിക്കാം' എന്ന് തിരുമേനി പറഞ്ഞത് മറക്കാൻ അദ്ദേഹം തയ്യാറാണ്. തള്ളിപ്പറയണ്ട എന്നു മാത്രമല്ല, പുതിയ തിരുമേനിയോടൊപ്പം നിന്ന് രക്ഷകനെ തള്ളിപ്പറയാനും അദ്ദേഹം ഒരുക്കമാണ്. ഇന്നദ്ദേഹം ഉത്കൃഷ്ടജീവിതം എന്ന് കരുതുന്നത്, ഒരു കാലത്ത് നികൃഷ്ടജീവിതം എന്നുപറഞ്ഞ് അദ്ദേഹം തന്നെ തള്ളിയതിനെയാണ്! എല്ലാം കണക്കുകൂട്ടി അദ്ദേഹം ഇടയനടുത്തെത്തി. സമയം മദ്ധ്യാഹ്നത്തോടടുത്തിട്ടുണ്ട്. അരുവിക്കരയിൽ ആടുകൾ പുല്ലുമേഞ്ഞുകൊണ്ട് സ്വച്ഛന്ദം വിഹരിക്കുന്നു. ഇടയന്റെ മുഖം അവ്യക്തമായ എന്തോ ഒരാശങ്കയെ ദ്യോതിപ്പിക്കുന്നതെങ്കിലും പ്രസന്നവും സുസ്മേരസുന്ദരവുമാണ്. വിദ്യുതാംഗൻ കൈയിലിരുന്ന ചുവന്ന പനിനീർപ്പൂവ് ഇടയനു കൈമാറി. പൂ കിട്ടിയപ്പോൾ ഇടയൻ അറിയാതെ പാടിപ്പോയി.

നിൻമനോനൈർമല്യം ഞാനറിയാത്ത-
തല്ലെ, ന്നു മതിനെ ഞാനാദരിപ്പൂ !

വിദ്യുതാംഗൻ ഇടയന്റെ കൈ രണ്ടും മുത്തിക്കൊണ്ട് ആഹ്ലാദത്തോടെ പാടി.

കാനനച്ഛായയിലാടുമേയ്ക്കാൻ
ഞാനും വരട്ടെയോ നിന്റെ കൂടെ?
ഇന്നാ വനത്തിലെക്കാഴ്ച കാണാ-
നെന്നെയുംകൂടൊന്നു കൊണ്ടുപോകൂ!

ഇടയൻ പാടി.

പാടില്ല, പാടില്ല നമ്മെ നമ്മൾ
പാടേ മറന്നൊന്നും ചെയ്തുകൂടാ!
നിന്നെയൊരിക്കൽ ഞാൻ കൊണ്ടുപോകാ -
മിന്നുവേണ്ടിന്നുവേണ്ടോമലാളേ!

അദ്ദേഹം കെഞ്ചി :

എന്നാലതിന്നീ വിളംബമെന്തി-
നെന്നെയും കൂടിന്നു കൊണ്ടുപോകൂ!
കുറ്റപ്പെടുത്താനില്ലതിൽ, നാമൊക്കെ-
യെത്രയായാലും മനുഷ്യരല്ലേ?

ഇടയൻ കൈവിടുവിച്ചുകൊണ്ട് അസ്വസ്ഥതയോടെ പറഞ്ഞു.

ഞാനിങ്ങു നിന്നാൽ നേരം വെളുത്താ, ലാരാനെന്നെ-
ക്കാണുവാനിടവന്നാൽ - നീയതൊന്നാലോചിക്കൂ.
നമ്മുടെ പരമാർത്ഥമാരറിഞ്ഞിടും - ഒരു
നിന്ദ്യമാം കഥയല്ലേ പരക്കുന്നതു നാളെ?

അദ്ദേഹം ആ കൈകളിൽ കയറിപ്പിടിച്ചുകൊണ്ടു പറഞ്ഞു. ''എനിക്കില്ലാത്ത നാണം താങ്കൾക്കെന്തിനാണ്?''

''നാണത്തിന്റെയും മാനത്തിന്റെയും പ്രശ്നമല്ല. ഇത് ബുദ്ധിയുടെയും വിവേകത്തിന്റെയും കാര്യമാണ്. നിങ്ങൾ കൊടിയനെപ്പോലെയല്ല. നിങ്ങൾക്കറിയാം രക്ഷകൻ പറയുന്നതിൽ സത്യമുണ്ടെന്ന്. നിങ്ങൾ ഇപ്പോൾ കാണിക്കുന്ന ഈ ആത്മവഞ്ചനയ്ക്കും ഞാൻ കൂടെ നിൽക്കണോ?'' ഇടയൻ ഉള്ളുലഞ്ഞുപാടി.

വഞ്ചിതനാവുകയില്ലേ, ഞാനിന്നിതിൻ-
പുഞ്ചിരി നോക്കി മദിച്ചു നിന്നാൽ?

അദ്ദേഹം പറഞ്ഞു. ആത്മവഞ്ചന എന്ന വാക്കു ഞങ്ങളുടെ നിഘണ്ടുവിലില്ല. തന്ത്രപരമായ സമീപനം എന്നുവേണമെങ്കിൽ പറയാം.

എന്തുചെയ്യാം? - മനുഷ്യരല്ലേ - പല
ബന്ധമല്ലേ - വിധിയൊഴിവാക്കാവതോ?
എന്തുവന്നാലും എനിക്കാസ്വദിക്കണം.
മുന്തിരിച്ചാറുപോലുള്ളൊരീ ജീവിതം!
എന്നുമിതിന്റെ ലഹരിയിലാനന്ദ-
തുന്ദിലമെന്മനം മൂളിപ്പറക്കണം.

ഇത്രയൊക്കെ പാടിയിട്ടും പറഞ്ഞിട്ടും ഇടയന്റെ മനസ്സിനിളക്കമില്ല. ഇടയൻ പറഞ്ഞു.

ചപലവ്യാമോഹങ്ങളാനയിക്കും
ചതിയിൽപ്പെടാൻ ഞാനൊരുക്കമില്ല

അതു കേട്ടതും അദ്ദേഹം ക്ഷുഭിതനായി. ഒരു മികച്ച കലാലയാദ്ധ്യാപകന്റെ സഹവാസത്തിൽ കഴിഞ്ഞതെല്ലാം മറന്നുകൊണ്ട് അദ്ദേഹം പൊട്ടിത്തെറിച്ചു.

നമ്മുടെ ചുറ്റുമായുള്ള ലോക-
മെമ്മട്ടായാൽ നമുക്കെന്തു ചേതം?
കുറ്റം പറയുവാനിത്രമാത്രം
മറ്റുള്ളവർക്കിതിലെന്തുകാര്യം ?
ഓരോ നിമിഷവും ലോകമെയ്യും
കൂരമ്പഖിലം ഞാനേറ്റുകൊള്ളാം
എന്നെപ്പഴിക്കുന്ന കൂട്ടുകാരോ-
ടെന്നും ഞാൻ നേരിട്ടെതിർത്തുനിൽക്കാം.

കാർട്ടൂൺ: വി.എസ്. ഗിരീശൻ




സമയം സായംസന്ധ്യ. അവർ രണ്ടുപേരും പുൽത്തകിടിയിൽ നിന്നും എഴുന്നേറ്റു. ആദിത്യൻ അസ്തമിച്ചുകഴിഞ്ഞു. നേരിയ നിലാവു പരന്നുതുടങ്ങി. ഹൃദയാകർഷകമായ പ്രകൃതി. അവരുടെ ചുറ്റും പല പല പൂവല്ലികൾ പൂത്തു നിന്നു. സുഖകരമായ ഒരിളംകാറ്റ് ഇടയ്ക്കിടെ വീശി. വികാരോദ്ദീപകമായ പുഷ്പസൗരഭ്യം അവിടെയാകമാനം പ്രസരിച്ചു. ഇടയനും ആടുകളും ആലയിലേക്കും മേടയിലേക്കും പോയി. ദൃഷ്ടിപഥത്തിൽ നിന്നും മറയുന്നതുവരെ അദ്ദേഹം ഇടയനെത്തന്നെ നോക്കിക്കൊണ്ട് നിന്നു. അകലെ പച്ചപ്പടർപ്പുകൾക്കിടയിൽ, ആ സുകുമാരരൂപം അപ്രത്യക്ഷമായതോടു കൂടി അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്ന് രണ്ടു കണ്ണീർക്കണങ്ങൾ അടർന്നു നിലംപതിച്ചു. അതേ നിമിഷം തന്നെ കുറച്ചകലെയായി ഏതോ അപകടത്തിൽ പെട്ടപോലെ ഒരു പക്ഷിയുടെ ദയനീയരോദനം ക്ഷണനേരം അവിടെ മുഴുവൻ വ്യാപിച്ചു. ആദ്യം അദ്ദേഹത്തിന്റെ മുഖം വികസിക്കയും രോദനം കേൾക്കുന്ന ഉടനെ ഏതോ ഒരവ്യക്ത ഭീതിയിൽ ആ വികാസശോണിമ നിശ്ശേഷം അപ്രത്യക്ഷമായി, നിസ്തേജമായി തീരുകയും ചെയ്തു. എങ്കിലും അദ്ദേഹത്തിന്റെ ചുണ്ടുകളിൽ നിന്നും ഒരു ഗാനമൊഴുകി.

ഇന്നു മുഴുവൻ ഞാനേകനായാ-
കുന്നിൻചെരുവിലിരുന്നു പാടും
ഉച്ചയ്ക്കു പച്ചമരത്തണലിൽ
സ്വപ്നവും കണ്ടുകിടന്നുറങ്ങും;
ഇന്നു ഞാൻ കാണും കിനാക്കളെല്ലാം
പൊന്നിൽ കുളിച്ചുള്ളതായിരിക്കും.

പിറ്റേന്നുപ്രഭാതം പൊട്ടിവിടർന്നു. ഗ്രാമത്തിന്റെ പൂർവ്വഭാഗത്തുള്ള കുന്നുകൾ ഉദയസൂര്യന്റെ ചെങ്കതിരുകൾ തട്ടി മിന്നിത്തിളങ്ങുന്നു. നേരിയ ഒരു മൂടൽമഞ്ഞ്. പക്ഷികളുടെ കളകളം നാനാഭാഗത്തു നിന്നും കേൾക്കാം. കുന്നിൻചരിവിലൂടെ ഇടയൻ ആടുകളെയും തെളിച്ചുവരുന്നു. ഉദ്യാനത്തിൽ നിന്നും പറിച്ചെടുത്ത ഒരു പനിനീർപ്പൂവുമായി വിദ്യുതാംഗൻ ഇടയനെ കാത്തുനിൽക്കുകയാണ്. ഇടയനെ കണ്ടമാത്രയിൽ അദ്ദേഹത്തിന്റെ മുഖം മന്ദാക്ഷമധുരമായ ഒരു മന്ദഹാസത്തിൽ വികസിച്ചു. അദ്ദേഹം കൂടെയുണ്ടായിരുന്ന സഖാവിനോടു പറഞ്ഞു.

ഒന്നു നീ കിഴക്കോട്ടു നോക്കുക, ദൂരെ-
ക്കാണും
കുന്നിന്റെ പിന്നിൽ ശോണച്ഛായകൾ -
പൊടിച്ചല്ലോ.
ചെങ്കനൽനക്ഷത്രത്തിൽ തങ്കരശ്മികൾ തട്ടി
തങ്കിയതാണാ വർണസങ്കരം കിഴക്കെല്ലാം

സഖാവ് അദ്ദേഹത്തെ അറിയിച്ചു. ''ആ ഇടയൻ ആടുകളെയുംകൊണ്ട് അങ്ങേ കുന്നിൻചരിവിൽ മറഞ്ഞു.'' പാറപ്പുറത്തു കിടക്കുന്ന പനിനീർപ്പൂവിന്റെ വാടിയ ഇതളുകൾ സഖാവ് അദ്ദേഹത്തിന് കാണിച്ചുകൊടുത്തു. താൻ ഇന്നലെ കൊടുത്ത പൂ ഇടയൻ കശക്കി എറിഞ്ഞിരിക്കുന്നു.! (സിംബൽ).

അദ്ദേഹത്തിന്റെ മുഖം നിശ്ശേഷം രക്തശൂന്യമായി. അസ്വസ്ഥതയോടെ, ആ മരച്ചുവട്ടിൽ പൊങ്ങി നിന്ന ഒരു വേരിന്മേൽ തലക്കു കൈകൊടുത്തു ചിന്താമഗ്നനായി കുറച്ചുനേരം ചാരിയിരുന്നു. അല്പം കഴിഞ്ഞ് ഒരു ദീർഘനിശ്വാസത്തോടെ സഖാവിനൊപ്പം അവിടെ നിന്നും നിഷ്ക്രമണം ചെയ്തു.

ഏകാന്ത കാമുകാ നിന്റെ രഹസ്യങ്ങൾ
ലോകം മുഴുവനറിഞ്ഞുപോയി
കുറ്റപ്പെടുത്തലിൻ കൂരമ്പേൽക്കാൻ പട-
ച്ചട്ട നീ വേഗം തിരഞ്ഞുകൊള്ളൂ!
തങ്കക്കിനാവേ, നീ താലോലിക്കുന്നൊരാ-
സങ്കല്പലോകമല്ലീ പ്രപഞ്ചം!


മാന്യരെ, ഈ വിലാപകാവ്യം ഇവിടെ അവസാനിക്കുകയാണ്. ആ കുന്നിൻചരിവിൽ ചെന്നുനിന്ന് കാതോർത്താൽ നിങ്ങൾക്ക് ഒരു ഗാനത്തിന്റെ പല്ലവി അവിടെ അലയടിക്കുന്നതു കേൾക്കാം.

ഇടയലേഖനം
എങ്ങിനെയെഴുതണം
ഇടതുമുന്നണിയല്ലേ
ഞങ്ങൾ ഇടതുമുന്നണിയല്ലേ...

**വാൽക്കഷണം**

തിരുവനന്തപുരത്ത് നടന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ, നെതർലാന്റ്സിൽ നിന്നുള്ള അലക്സ് വാൻ വാർമർഡാം സംവിധാനം ചെയ്ത 'ബോർഗ്മാൻ' (Borgman/ 2013) എന്ന ചലച്ചിത്രം പ്രദർശിപ്പിച്ചിരുന്നു. ഭൂഗർഭ അറയിൽ കഴിയുന്ന കാമിയേൽ ബോർഗ്മാനെ തേടി ഒരു ക്രിസ്ത്യൻ പുരോഹിതനും അയാളുടെ കൂട്ടുകാരും ചേർന്ന് അന്വേഷണത്തിന് ഇറങ്ങുന്നതോടെയാണ് സിനിമ ആരംഭിക്കുന്നത്. തുടക്കത്തിലെ ദൃശ്യം അൾത്താരയിൽ പുരോഹിതൻ വിശ്വാസികൾക്കിടയിൽ നിന്ന് കുർബാന നടത്തുന്നതാണ്. വിശ്വാസികൾ പിരിഞ്ഞുപോകുന്നതോടെ അയാൾ ളോഹയും അംഗവസ്ത്രങ്ങളും അഴിച്ചുവച്ച് ഒരു ഇരട്ടക്കുഴൽ തോക്കും വേട്ടനായയുമായി, കൂർപ്പിച്ച ഇരുമ്പുകമ്പി കൈകളിലേന്തിയ കൂട്ടുകാർക്കൊപ്പം കാട്ടിലേക്ക് പായുന്നു. തുടർന്ന് വെടിവയ്പ്പും ബഹളുമായി സിനിമ തുടരുന്നു. കഴിഞ്ഞവർഷമാണ് ഇത്തരമൊരു സിനിമ വന്നിരുന്നതെങ്കിൽ മലയാളികൾ ഇത് വിശ്വസിക്കില്ലായിരുന്നു. ഒരു പുരോഹിതൻ ളോഹ ഊരിവച്ച് തോക്കുമായി ഇറങ്ങുന്നത് ഇവിടെ സങ്കൽപ്പിക്കാനാവില്ല. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനെതിരെ കത്തോലിക്കാസഭ നടത്തിയ സമരത്തിൽ കോഴിക്കോട്ടെ ഫോറസ്റ്റ് ഓഫീസ് അടിച്ചുതകർക്കുകയും രേഖകൾ തീയിട്ട് നശിപ്പിക്കുകയുമുണ്ടായല്ലോ. കരിങ്കൽ ക്വാറി മാഫിയയുടെ ഗുണ്ടകളാണ് ടിപ്പർ ലോറിയിൽ വന്ന് അത് ചെയ്തതെന്ന് പിന്നീട് വെളിപ്പെട്ടു. അതിന്റെ കൂടെ ഫാ. സജി എന്ന ഒരു പുരോഹിതനും ഉണ്ടായിരുന്നു എന്നാണ് ഈയിടെ വന്ന റിപ്പോർട്ടുകൾ. ഈ വാർത്ത ഓർമ്മയിലുണ്ടായിരുന്ന രണ്ട് കോഴിക്കോടൻ ഡെലിഗേറ്റുകൾ സംസാരിക്കുന്നത് കേട്ടു, ''സിനിമയുടെ കാര്യത്തിൽ നമുക്ക് ഉയരാനായില്ലെങ്കിലും ഇത്തരം കാര്യങ്ങളിൽ നമ്മളും അന്താരാഷ്ട്ര നിലവാരത്തിലായി.''

## പുസ്തകം കൈപ്പറ്റി



**സ്നേഹപൂർവ്വം പത്തൊമ്പതാം വാർഡ്**
**കെ. പ്രസാദ്**
പ്രസാധനം: കതിരോല പബ്ലിക്കേഷൻസ്, കൊടകര
പേജ്: 80
വില: 80



**കൈപ്പാട്:**
**കൃഷിയും ജൈവവൈവധ്യവും**
**ഡോ. ദിനേശൻ ചെറുവാട്ട്**
പ്രസാധനം:
മലബാർ നാചറൽ ഹിസ്റ്ററി സൊസൈറ്റി, കോഴിക്കോട്
പേജ്: 117
വില: 160

## അതിജീവന യാത്ര

എൻഡോസൾഫാൻ പീഡിത മുന്നണി, മുഖ്യമന്ത്രിയുടെ വസതിക്കുമുന്നിൽ നടത്തുന്ന കഞ്ഞിവെപ്പ് സമരത്തിന്റെ പ്രചാരണാർത്ഥമുള്ള അതിജീവനയാത്ര കാസർഗോഡ് നിന്നും തിരുവനന്തപുരത്തേക്ക് യാത്രതിരിച്ചു. ഡിസംബർ 30ന് ശംഖുമുഖത്ത് പൊതുസമ്മേളനത്തോടെ സമാപിക്കും. ജനവരി 26 മുതലാണ് എൻഡോസൾഫാൻമൂലം ദുരിതമനുഭവിക്കുന്ന കുഞ്ഞുങ്ങളും അമ്മമാരും അനിശ്ചിതകാലത്തേക്ക് മുഖ്യമന്ത്രിയുടെ വസതിക്കുമുന്നിൽ കഞ്ഞിവെച്ച് സമരം തുടങ്ങുന്നത്.
ബന്ധങ്ങൾക്ക്: 8547654654